# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## വടകര ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020

ഇ-മെയിൽ: dokkd.ksad@kerala.gov.in

ഫോൺ : 0495-2371012

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.കെ.കെ.ഡി/പി8 /984/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020
തീയ്യതി: 17/06/2022
ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ: 0495-2371012

ജോയിന്റ് ഡയറക്ടർ

ചെയർപേഴ്സൺ (സെക്രട്ടറി മുഖേന)
വടകര ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : വടകര ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വടകര ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ്:

1. ഡയറക്ടർ, കേരള സംസ്ഥന ഓഡിറ്റ് പകുപ്പ്(ഉപരി പത്രം സഹിതം)
2. അസി ഡവലപ്മെന്റ് കമ്മീഷൻ(ജനറൽ) കോഴിക്കോട്
3. കാര്യാലയ പ്രതി

നമ്പർ: കെ.എസ്.എ.കെ.കെ.ഡി/പി8 /984/2022 തീയ്യതി: 17/06/2022

## കോഴിക്കോട് ജില്ലയിലെ വടകര ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ വടകര ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2020 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 16 അന്വേഷണക്കുറിപ്പുകൾ നൽകിയെങ്കിലും മറുപടി ലഭ്യമായിട്ടില്ല.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.പ്യാരിലാൽ ടി.സി | ജോയിന്റ് ഡയരക്ടർ | 26-05-2022 | 30-05-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 26-05-2022 | 30-05-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.ബാലകൃഷ്ണൻ കെ.എം, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)

ശ്രീ.ഗിരീശൻ പാറപ്പൊയിൽ, ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ.)

ശ്രീ.രാജീവൻ എൻ, സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീ. ജാസിർ സി.എം, ഓഡിറ്റർ

ശ്രീ.ശ്രീജിത്ത് കെ.വി, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.കോട്ടയിൽ രാധാകൃഷ്ണൻ | പ്രസിഡന്റ് | 01-04-2020 | 30-11-2020 |
| ശ്രീമതി ഗിരിജ കെ.പി | ചെയർപേഴ്സൺ | 01-12-2020 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി രജിത കെ | സെക്രട്ടറി | 01-04-2020 | 06-01-2021 |
| ശ്രീ.അജിത്കുമാർ എം.കെ(ജോയിന്റ് ബി.ഡി.ഒ) | സെക്രട്ടറി | 07-01-2021 | 07-02-2021 |
| ശ്രീമതി.പ്രസീത കെ.വി | സെക്രട്ടറി | 08-02-2021 | 31-03-2021 |
| ശ്രീമതി.ധന്യ ടി.എൻ | സി.ഡി.പി.ഒ | 01-04-2020 | 29-09-2020 |
| ശ്രീമതി രാജശ്രീ പി.ടി. | സി.ഡി.പി.ഒ | 30-09-2020 | 31-03-2021 |
| ശ്രീ.ഉദയൻ കെ.യു | എ.ഇ.ഇ | 01-04-2020 | 13-04-2020 |
| ശ്രീ.ദിലീപ് കുമാർ കെ | എ.ഇ.ഇ | 14-04-2020 | 09-09-2020 |
| ശ്രീ.അബ്ദുൾസലാം എം | എ.ഇ.ഇ | 10-09-2020 | 18-11-2020 |
| ശ്രീമതി സീജ എൻ.പി | എ.ഇ.ഇ | 19-11-2020 | 14-01-2021 |
| ശ്രീ.അൻജിത് ബി മോഹൻ | എ.ഇ.ഇ | 15-01-2021 | 31-03-2021 |
| ശ്രീമതി ഷീന സി.എം | എ.ഇ | 01-04-2020 | 31-07-2020 |
| ശ്രീമതി അനില കെ.കെ | എ.ഇ | 01-08-2020 | 31-12-2020 |
| ശ്രീമതി പ്രിയ പി.എം | എ.ഇ | 01-01-2021 | 04-03-2021 |
| ശ്രീ വിപിൻ കെ.എം | എ.ഇ | 05-03-2021 | 31-03-2021 |
| ഡോ.ഉസ്മാൻ പി.കെ | മെഡിക്കൽ ഓഫീസർ ,സി.എച്ച്.സി,ഓർക്കാട്ടേരി | 01-04-2020 | 31-03-2021 |
| ശ്രീ.ശ്രീജിത് പി | ഡി.ഇ.ഒ | 01-04-2020 | 05-06-2020 |
| ശ്രീമതി റിജുല എ | ഡി.ഇ.ഒ | 06-06-2020 | 06-11-2020 |

| | | | |
|---|---|---|---|
| ശ്രീ. സനൽകുമാർ പി | ഡി.ഇ.ഒ | 07-11-2020 | 23-11-2020 |
| ശ്രീ. ശ്രീജിത് സി.പി | ഡി.ഇ.ഒ | 24-11-2020 | 31-03-2021 |
| ശ്രീമതി സുഷമ കെ.പി | കൃഷി അസിസ്റ്റന്റ് ഡയരക്ടർ | 01-04-2020 | 31-03-2021 |
| ശ്രീ ഗണേശൻ എം.വി | ജി.ഇ.ഒ | 01-04-2020 | 31-03-2021 |
| ശ്രീ വിശ്വൻ കോറോത്ത് | വ്യവസായ വികസന ഓഫീസർ | 01-04-2020 | 31-03-2021 |

.

## ഉള്ളടക്കം

| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് രൂപീകരണം, പരിപാലനം -അപാകതകൾ<br>Written By: Gireeshan Parappoyil (Audit Officer (HG), On 30-05-2022)<br>Last Updated By: Pyarilal.T.C (Joint Director, On 16-06-2022) | 1-1 |
| 2 | വാർഷികധനകാര്യപത്രിക<br>Written By: Jasir C M (Auditor, On 30-05-2022)<br>Last Updated By: Pyarilal.T.C (Joint Director, On 16-06-2022) | 1-2 |
| 3 | വാർഷിക കണക്കിലെ അപാകതകൾ<br>Written By: Jasir C M (Auditor, On 30-05-2022)<br>Last Updated By: Pyarilal.T.C (Joint Director, On 16-06-2022) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)<br>Written By: Jasir C M (Auditor, On 30-05-2022)<br>Last Updated By: Pyarilal.T.C (Joint Director, On 16-06-2022) | 1-3 |
| 5 | ഗ്രാന്റ് വിനിയോഗം<br>Written By: Jasir C M (Auditor, On 30-05-2022)<br>Last Updated By: Pyarilal.T.C (Joint Director, On 17-06-2022) | 1-4 |
| 6 | പൊതുമരാമത്ത് പ്രവൃത്തികൾ- ചുമതലകളിൽ നിന്നും വ്യതിചലിച്ച് പദ്ധതികളേറ്റെടുക്കുന്നു.<br>Written By: Srijith K.V (Auditor, On 30-05-2022)<br>Last Updated By: Pyarilal.T.C (Joint Director, On 16-06-2022) | 1-5 |
| 7 | വാഹനം അപകടത്തിൽ പെട്ടത്- ഇൻഷൂറൻസ് നാളിതുവരെ ലഭിച്ചിട്ടില്ല<br>Written By: Gireeshan Parappoyil (Audit Officer (HG), On 30-05-2022)<br>Last Updated By: Pyarilal.T.C (Joint Director, On 16-06-2022) | 1-6 |
| 8 | തനത്ഫണ്ട്- അപാകതകൾ<br>Written By: Srijith K.V (Auditor, On 30-05-2022)<br>Last Updated By: Pyarilal.T.C (Joint Director, On 16-06-2022) | 1-7 |
| 9 | ഫോഗിംഗ് മെഷീൻ വാങ്ങിയതിലെ അപാകതകൾ<br>Written By: N. Rajeevan (Senior Grade Auditor, On 30-05-2022)<br>Last Updated By: Pyarilal.T.C (Joint Director, On 16-06-2022) | 1-8 |
| 10 | എന്റർപ്രൈസ് ഫെസിലിറ്റേഷൻ സെന്റർ ആരംഭിക്കാത്തതും മറ്റ് അപാകതകളും<br>Written By: N. Rajeevan (Senior Grade Auditor, On 30-05-2022)<br>Last Updated By: Pyarilal.T.C (Joint Director, On 16-06-2022) | 1-9 |
| 11 | മടിത്തട്ട് സമഗ്ര വയോജന പരിപാലന പരിപാടി നിർവ്വഹണത്തിലെ അപാകതകൾ<br>Written By: N. Rajeevan (Senior Grade Auditor, On 30-05-2022)<br>Last Updated By: Pyarilal.T.C (Joint Director, On 16-06-2022) | 1-10 |
| 12 | പ്രൊക്യൂർമെന്റ് മാനുവലിലെ വ്യവസ്ഥകൾ പാലിക്കുന്നതിൽ വീഴ്ച- നിർവ്വഹണ ഉദ്യോഗസ്ഥർ സ്വന്തം നിലയിൽ വാങ്ങലുകൾ നടത്തുന്നു<br>Written By: Jasir C M (Auditor, On 30-05-2022)<br>Last Updated By: Pyarilal.T.C (Joint Director, On 16-06-2022) | 1-11 |
| 13 | സോളാർ പ്ലാന്റ്-പ്രവർത്തനക്ഷമതയില്ല<br>Written By: Gireeshan Parappoyil (Audit Officer (HG), On 30-05-2022)<br>Last Updated By: Pyarilal.T.C (Joint Director, On 16-06-2022) | 1-12 |
| 14 | ജൈവസമൃദ്ധി ബയോഫെർട്ടിലൈസർ പദ്ധതി -നാളിതുവരെ പ്രവർത്തനം ആരംഭിച്ചില്ല.<br>Written By: Jasir C M (Auditor, On 30-05-2022)<br>Last Updated By: Pyarilal.T.C (Joint Director, On 16-06-2022) | 1-13 |
| 15 | കൃഷി അസിസ്റ്റന്റ് ഡയറക്ടർ പ്രോജക്ട് നിർവ്വഹണം നടത്തിയതിന്റെ | 1-14 |

| | | |
|---|---|---|
| | രേഖകൾ ഹാജരാക്കിയില്ല.<br>Written By: Jasir C M (Auditor, On 30-05-2022)<br>Last Updated By: Pyarilal.T.C (Joint Director, On 17-06-2022) | |
| 16 | ക്ഷീരസംഘങ്ങൾ മുഖേന പാലിന് സബ്സിഡി -വിനിയോഗവിവരം ലഭ്യമല്ല.<br>Written By: Jasir C M (Auditor, On 30-05-2022)<br>Last Updated By: Pyarilal.T.C (Joint Director, On 16-06-2022) | 1-15 |
| 17 | ആദായനികുതി, ക്ഷേമനിധി വിഹിതം എന്നിവ ഈടാക്കിയതിൽ കുറവ്<br>Written By: Srijith K.V (Auditor, On 30-05-2022)<br>Last Updated By: Pyarilal.T.C (Joint Director, On 16-06-2022) | 1-16 |
| 18 | എസ്.സി.പി ഫണ്ടുപയോഗിച്ച് റോഡ് നിർമ്മാണം- നടപടിക്രമം പാലിച്ചില്ല.<br>Written By: Srijith K.V (Auditor, On 30-05-2022)<br>Last Updated By: Pyarilal.T.C (Joint Director, On 16-06-2022) | 1-17 |
| 19 | സിമന്റ് കോൺക്രീറ്റ് പേവ്മെന്റ് നിർമ്മാണം - മോർഡ് സ്പെസിഫിക്കേഷൻ പ്രകാരമല്ല<br>Written By: Srijith K.V (Auditor, On 30-05-2022)<br>Last Updated By: Pyarilal.T.C (Joint Director, On 16-06-2022) | 1-18 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| | --- No Records Found --- | |
| | ഭാഗം **4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Jasir C M (Auditor, On 28-05-2022)<br>Last Updated By: Pyarilal.T.C (Joint Director, On 16-06-2022) | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Jasir C M (Auditor, On 28-05-2022)<br>Last Updated By: Pyarilal.T.C (Joint Director, On 16-06-2022) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Jasir C M (Auditor, On 28-05-2022)<br>Last Updated By: Pyarilal.T.C (Joint Director, On 16-06-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Jasir C M (Auditor, On 28-05-2022)<br>Last Updated By: Pyarilal.T.C (Joint Director, On 16-06-2022) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Jasir C M (Auditor, On 28-05-2022)<br>Last Updated By: Pyarilal.T.C (Joint Director, On 16-06-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Jasir C M (Auditor, On 28-05-2022)<br>Last Updated By: Pyarilal.T.C (Joint Director, On 16-06-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Jasir C M (Auditor, On 28-05-2022)<br>Last Updated By: Pyarilal.T.C (Joint Director, On 16-06-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Jasir C M (Auditor, On 28-05-2022)<br>Last Updated By: Pyarilal.T.C (Joint Director, On 16-06-2022) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Jasir C M (Auditor, On 28-05-2022)<br>Last Updated By: Pyarilal.T.C (Joint Director, On 16-06-2022) | 4-9 |

| | | |
|---|---|---|
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Jasir C M (Auditor, On 30-05-2022)<br>Last Updated By: Pyarilal.T.C (Joint Director, On 16-06-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Jasir C M (Auditor, On 28-05-2022)<br>Last Updated By: Pyarilal.T.C (Joint Director, On 16-06-2022) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ് രൂപീകരണം, പരിപാലനം -അപാകതകൾ

20.3.2020 തീയതിയിൽ 98/19-20 നമ്പർ തീരുമാന പ്രകാരം അംഗീകരിച്ച സ്ഥാപനത്തിന്റെ ബജറ്റ് വരവ് ചെലവുകൾ താഴെ പറയും പ്രകാരം പ്രതീക്ഷിച്ചിട്ടുണ്ട്.

| | |
|---|---|
| മുന്നിരിപ്പ് | 1,14,30,118 |
| വരവ് | 10,11,69,366 |
| ആകെ | 11,25,99,484 |
| ചെലവ് | 9,98,51,021 |
| നീക്കിയിരിപ്പ് | 1,27,48,463 |

പരമാവധി കുറ്റമറ്റ രീതിയിൽ ബജറ്റ് തയ്യാറാക്കാൻ ശ്രമിച്ചിട്ടുണ്ടെങ്കിലും താഴെ പറയുന്ന അപാകതകൾ സംഭവിച്ചിട്ടുണ്ട്.

എ) റവന്യൂ വരവ് ചെലവുകൾക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിയത് നടപടിക്രമമനുസരിച്ചല്ല

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 214, 2.12.2016 ലെ ജി. ഒ (ആർ ടി) 3291/2016 എൽ.എസ്.ജി.ഡി നമ്പർ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ച ഗ്രാമപഞ്ചായത്തുകൾക്കുള്ള ബജറ്റ് മാന്വൽ എന്നിവ നിഷ്കർഷിക്കുന്ന നടപടിക്രമങ്ങൾ പൂർണ്ണമായും പാലിക്കാതെയാണ് സ്ഥാപനം ബജറ്റ് തയ്യാറാക്കിയിരിക്കുന്നത്. മാന്വൽ പ്രകാരം ഡിസംബർ അവസാന വാരം ഉദ്യോഗസ്ഥരുടെ പക്കൽ നിന്നും (ഘടക സ്ഥാപനങ്ങളിലെ ഓഫീസ് തലവന്മാരിൽ നിന്നും) നോൺ പ്ലാൻ വരവ് ചെലവുകൾ സംബന്ധിച്ച് തൻവർഷത്തെ റിവൈസ്ഡ് ബജറ്റിനുള്ള പ്രൊപ്പോസലുകളും ബജറ്റ് വർഷത്തേക്കുള്ള പ്രൊപ്പോസലുകളും സെക്രട്ടറി ആവശ്യപ്പെടേണ്ടതാണ്. നോൺ പ്ലാൻ സംബന്ധിച്ച് സെക്രട്ടറി ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥരിൽ നിന്നും ലഭിച്ച നിർദ്ദേശങ്ങൾ ജനവരി മാസം ആദ്യവാരത്തിൽ ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികളിൽ ചർച്ച ചെയ്ത് തീരുമാനിക്കണം. ജനവരി 15 നകം സ്റ്റാന്റിംഗ് കമ്മിറ്റികളുടെ നിർദ്ദേശങ്ങൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് ലഭിക്കണം. എന്നാൽ ഈ നടപടിക്രമങ്ങൾ പാലിക്കപ്പെട്ടിട്ടില്ലെന്ന് ബജറ്റ് ഫയലിന്റെ അഭാവത്തിൽ വ്യക്തമാകുന്നു.

ബി) പ്ലാൻ റവന്യൂ ചെലവ് -ബജറ്റ് പ്രൊവിഷനും പദ്ധതി അടങ്കലുകളും പൊരുത്തപ്പെടുന്നില്ല

പ്ലാൻ റവന്യൂ ചെലവ് വകയിരുത്തുന്ന ബജറ്റിലെ BS 9 ഷെഡ്യൂളും മൂലധന ചെലവ് വകയിരുത്തൽ നടത്തുന്ന BS 12 ഷെഡ്യൂളും പ്രകാരം ആകെ 2.27 കോടി രൂപയുടെ അടങ്കലാണ് വാർഷിക പദ്ധതിക്ക് ഉണ്ടായിരുന്നത്. എന്നാൽ 10.3.2020 തീയതിയിൽ അംഗീകരിച്ച വാർഷിക പദ്ധതിയുടെ അടങ്കൽ 3.23

കോടി രൂപയുടേതായിരുന്നു. ബജറ്റ് പ്രൊവിഷനില്ലാതെ 96 ലക്ഷം രൂപയുടെ പദ്ധതികൾ ആസൂത്രണം ചെയ്തത് എപ്രകാരമെന്ന് വ്യക്തമാക്കേണ്ടതാണ്.

സി) വാർഷിക പദ്ധതിക്ക് തനത് ഫണ്ട് വകയിരുത്തിയതിൽ അപാകത

വാർഷിക പദ്ധതിക്ക് തനത് ഫണ്ട് വകയിരുത്തിയതിൽ അപാകത കാണുന്നു. ബജറ്റ് പ്രകാരം മുന്നിരിപ്പ് ഉൾപ്പzടെ സ്ഥാപനത്തിന്റെ പ്രതീക്ഷിത തനത് വരുമാനവും, ചെലവും നീക്കിയിരിപ്പും ഉൾപ്പടെയുള്ള തുകയും തുല്യമാണ്. അതായത് വാർഷിക പദ്ധതിക്കായി ബജറ്റിൽ തനത് ഫണ്ടിൽ നിന്നും തുകയൊന്നും വകയിരുത്തിയിട്ടില്ല. എന്നാൽ 10.3.2020 തീയതിയിൽ അംഗീകരിച്ച വാർഷിക പദ്ധതിയിൽ (തീരുമാനം 91(1)/19-20) തനത് ഫണ്ടിൽ നിന്ന് 480000/-രൂപ വകയിരുത്തിയിട്ടുണ്ട്. ബജറ്റ് പ്രൊവിഷനില്ലാതെ വാർഷിക പദ്ധതിക്ക് ഇപ്രകാരം തുക വകയിരുത്തിയത് വീഴ്ചയാണ്.

ഡി) എല്ലാ ബജറ്റ് രേഖകളും തയ്യാറാക്കിയിട്ടില്ല

ബജറ്റിന്റെ ഭാഗമായി തയ്യാറാക്കേണ്ട ബജറ്റ് സ്പീച്ച്, ബജറ്റ് നോട്ട്, വർക്ക് ഷീറ്റുകൾ, ജന്റർ ബജറ്റ്, പെർഫോമൻസ് ബജറ്റ് എന്നിവ തയ്യാറാക്കിയിട്ടില്ല. അതിനാൽ ബജറ്റ് അപൂർണ്ണമാണ്.

ബജറ്റുമായി ബന്ധപ്പെട്ട മേൽപറഞ്ഞ അപാകതകൾക്ക് വിശദീകരണം നല്കേണ്ടതാണ്. തുടർവർഷങ്ങളിൽ അപാകതകൾ ഒഴിവാക്കി ബജറ്റ് തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2020 | 11.06.2021 | | |

## 1-2-1 വാർഷിക കണക്കിലെ അപാകതകൾ

വടകര ബ്ലോക്ക് പഞ്ചായത്തിന്റെ 2020-21 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. ബാലൻസ് ഷീറ്റ് ഷെഡ്യൂൾ-B7 പ്രകാരം 434578/- രൂപ നിക്ഷേപം ഇനത്തിൽ അവശേഷിക്കുന്നുണ്ട്. സ്ഥാപനത്തിൽ ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ഈ ഇനത്തിലുള്ള തുകയുടെ കൃത്യത പരിശോധിക്കുന്നതിന് സാധിച്ചിട്ടില്ല.
2. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. സ്ഥാപനത്തിലെ ആസ്തികളുടെ ഡിപ്രീസിയേഷൻ കണക്കാക്കിയതുമായി ബന്ധപ്പെട്ട രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.
3. ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-18 പ്രകാരം Advance To Implementing Officers ഇനത്തിൽ 438016 /-

രൂപ അവശേഷിക്കുന്നു. ഇത് സംബന്ധിച്ച രേഖകൾ ഓഡിറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

4. ക്ലോസിംഗ് സ്റ്റോക്ക് ഇനത്തിലുള്ള നീക്കിയിരിപ്പ് സംബന്ധിച്ച വിവരങ്ങൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

5. റെസീറ്റ് & പേയ്മെന്റ് പ്രകാരം (RP-10) ഇനത്തിൽ Miscellaneous Receipts ഇനത്തിൽ 11239/- രൂപയും Other User Charges (RP-43) പ്രകാരം 50500/-രൂപയും വരവുണ്ട്. ഇത് സംബന്ധിച്ച രജിസ്റ്റർ, അനുബന്ധ രേഖകൾ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

6. 2020-21 സാമ്പത്തിക വർഷം കെട്ടിടവാടക ഇനത്തിൽ ഡിമാന്റ് തുക Income &Expenditure സ്റ്റേറ്റ്മെന്റ് പ്രകാരം 31714/- രൂപയാണ്. എന്നാൽ വാടക ഈടാക്കിയതുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ യഥാർത്ഥത്തിൽ ഡിമാന്റ് തുക 30552/- രൂപയാണ്. 1162/- രൂപ ജി.എസ്.ടി ഇനത്തിലുള്ള തുക ഉൾപ്പെടുത്തിയാണ് ഡിമാന്റ് ചെയ്തിരിക്കുന്നത്.

7. വാർഷിക കണക്കിൽ, അടിസ്ഥാന അനുപാതങ്ങൾ, അക്കൗണ്ടിംഗ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല. ഇതുമായി ബന്ധപ്പെട്ട് നൽകിയ കുറിപ്പിന് മറുപടി നൽകിയിട്ടില്ല.

അപാകതകൾക്ക് മറുപടി ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല(ഓഡിറ്റ് എൻക്വയറി നം-11/20-21 തിയ്യതി-30.05.2022). അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 9131078/- |
| വരവ് | 32244295/- |
| ആകെ | 41375373/- |
| ചെലവ് | 39345366/- |
| നീക്കിയിരിപ്പ് | 2030007/- |

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|
| ഫണ്ട്-ജനറൽ വികസന (ACR പ്രകാരം) | 0 | 18327688/- | 18327688/- | 17451335/- | 876353/- |
| വികസന ഫണ്ട്- എസ്.സി.പി (ACR പ്രകാരം) | 0 | 2091000/- | 2091000/- | 1898796/- | 192204/- |
| വികസന ഫണ്ട്- | 0 | 0 | 0 | 0 | 0 |

| | | | | | | |
|---|---|---|---|---|---|---|
| ടി.എസ്.പി (ACR പ്രകാരം) | | | | | | |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 0 | 3203269/- | 3203269/- | 1904356/- | 1298913/- |
| ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | ടൈഡ് | 0 | 3440000/- | 3440000/- | 1999873/- | 1440127/- |
| | അൺ-ടൈഡ് | 0 | 3440000/- | 3440000/- | 2837742/- | 602258/- |

ഗ്രാന്റ് വിനിയോഗ പത്രികയിലെ അപാകതകൾ

2020-21 സാമ്പത്തിക വർഷത്തിൽ ഐ.കെ.എം.തയ്യാറാക്കി നൽകിയ ഗ്രാന്റ് യൂട്ടിലൈസേഷൻ പത്രിക പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1)ഗ്രാന്റ് യൂട്ടിലൈസേഷൻ പത്രിക പ്രകാരമുള്ള വിവിധ ഫണ്ടുകളുടെ അലോക്കേഷനും സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള അലോക്കേഷനും തമ്മിൽ വ്യത്യാസം നിലനിൽക്കുന്നു.

2)പ്രോജക്ട് നം-84/20-21 പ്രകാരം നിർവ്വഹണം നടത്തിയ, "വി.ഇ.ഒ മാർക്ക് ലാപ്ടോപ്പ് വാങ്ങൽ" എന്ന പ്രോജക്ടിൽ 270096/- രൂപ ചെലവഴിച്ചിട്ടുണ്ടെങ്കിലും ആയത് ചെലവ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെട്ടിട്ടില്ല.

1-5 പൊതുമരാമത്ത് പ്രവൃത്തികൾ- ചുമതലകളിൽ നിന്നും വ്യതിചലിച്ച് പദ്ധതികളേറ്റെടുക്കുന്നു.

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 172 (1) പ്രകാരമുള്ള നാലാം പട്ടികയിൽ, ബ്ലോക്ക് പഞ്ചായത്തുകളുടെ ചുമതലകൾ പ്രതിപാദിക്കുന്നതിൽ മേഖലാടിസ്ഥാനത്തിലുള്ള ചുമതലയിൽ പെടുന്നതാണ് പൊതുമരാമത്ത്. ഇതു പ്രകാരം ഒന്നിലധികം ഗ്രാമപഞ്ചായത്തുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന ബ്ലോക്ക് പഞ്ചായത്തിനുള്ളിലെ വില്ലേജ് റോഡുകളും ബ്ലോക്ക് പഞ്ചായത്തിൽ നിക്ഷിപ്തമായ മറ്റ് റോഡുകളും പരിപാലിക്കുക എന്നതു മാത്രമാണ് ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലയിൽപ്പെടുന്നത്. ആക്ട് പ്രകാരം വ്യവസ്ഥ ചെയ്തത് പ്രകാരമുള്ള ആസ്തികൾക്ക് മുൻഗണന നൽകാതെ, 29.01.2018 തിയ്യതിയിലെ സ.ഉ.(കൈ) നം. 11/2018 പ്രകാരമുള്ള പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലെ അവശേഷിക്കുന്ന വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖയിലെ ഖണ്ഡിക 7.13 ലെ നിർദ്ദേശം മാത്രം പരിഗണിച്ച് 6 മീറ്റർ വീതിയുള്ള ഗ്രാമപഞ്ചായത്തിന്റെ ആസ്തിരജിസ്റ്ററിൽ ഉൾപ്പെടുന്ന റോഡുകളുടെ പ്രവൃത്തികൾ മാത്രമാണ് ബ്ലോക്ക് പഞ്ചായത്ത് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നിർവ്വഹിച്ചിട്ടുള്ളത്. ആക്ടിൽ പറയുന്നത് പ്രകാരമുള്ളതും ഒന്നിലധികം ഗ്രാമപഞ്ചായത്തുകളെ ബന്ധിപ്പിക്കുന്നതുമായ റോഡുകൾ ഏറ്റെടുക്കാതെയാണ് മാർഗ്ഗരേഖയിലെ നിർദ്ദേശം സ്ഥാപനം നടപ്പാക്കിയിട്ടുള്ളത്. മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ മേൽ അപാകത ചൂണ്ടികാണിച്ചിട്ടുള്ളതാണ്.(2014-15, 2015-16 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-8) മേൽ സാഹചര്യത്തിലും അപാകത ആവർത്തിച്ചത് ഓഡിറ്റ് ഗൗരവമായി വീക്ഷിക്കുന്നു.

കേരള പഞ്ചായത്ത് രാജ് ആക്ട് പ്രകാരം ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലയിൽപ്പെടാത്ത റോഡുകളുടെ പരിപാലനത്തിന്, ആക്ട് പ്രകാരം നിക്ഷിപ്തമാ ക്കിയിട്ടുള്ള ചുമതലകൾ നിറവേറ്റുന്നതിന് ലഭ്യമാക്കിയ

ഫണ്ട് വകമാറ്റി ചെലവഴിച്ചതിന് വിശദീകരണം നല്കേണ്ടതാണ്.

## 1-6 വാഹനം അപകടത്തിൽ പെട്ടത്- ഇൻഷ്യൂറൻസ് നാളിതുവരെ ലഭിച്ചിട്ടില്ല

ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ പേരിലുള്ള KL 18 U 6554 നമ്പർ ബൊലോറോ ജീപ്പ് 4.2.2021 തീയതിയിൽ ചെങ്ങോട്ട്കാവ് വെച്ച് മറ്റൊരു വാഹനത്തിന്റെ പിന്നിൽ ഇടിച്ച് അപകടം സംഭവിച്ചിരുന്നു. വാഹനം കേടുപാടുകൾ തീർത്ത് വീണ്ടും നിരത്തിലിറക്കാൻ 81931/-രൂപ സ്ഥാപനത്തിന് ചെലവായിട്ടുണ്ട്. ഇത് ഓഡിറ്റ് വർഷം മാർച്ച് മാസം തന്നെ സ്ഥാപനം വഹിച്ചിട്ടുമുണ്ട്. എന്നാൽ നാളിതുവരെ വാഹനത്തിന്റെ ഇൻഷ്വറൻസ് ഇനത്തിൽ തുകയൊന്നും സ്ഥാപനത്തിന് ലഭിച്ചിട്ടില്ല. കേരള സ്റ്റേറ്റ് ഇൻഷ്വറൻസ് വകുപ്പിലാണ് വാഹനം ഇൻഷ്വർ ചെയ്തിരിക്കുന്നത്. അപകടം സംഭവിച്ച അതേ തീയതിയിൽ ക്ലെയിം ആവശ്യപ്പെട്ട് ഇൻഷ്വറൻസിന്റെ കോഴിക്കോട് ജില്ലാ ഓഫീസിലേക്ക് കത്തയച്ചതായി ഫയലിൽ നിന്നും വ്യക്തമാകുന്നു. എന്നാൽ തുടർന്ന് ഒരു വർഷം കഴിഞ്ഞാണ് ഇക്കാര്യത്തിൽ ഒരു കത്ത് സ്ഥാപനം അയച്ചത്. 19.2.2022 തീയതിൽ അയച്ച രണ്ടാമത്തെ കത്തിൽ ചെലവായ തുക അനുവദിക്കാൻ അപേക്ഷിച്ച കാണുന്നു. തുടർന്ന് നടപടികളൊന്നുമുണ്ടായിട്ടില്ല. അപകടം സംഭവിച്ച് ഒന്നേകാൽ വർഷത്തിലേറെയായിട്ടും ഇൻഷ്വറൻസ് തുക ലഭ്യമാകാത്തത് സ്ഥാപനത്തിന്റെ ഭാഗത്തുനിന്നുള്ള വീഴ്ചയാണ്. ഇക്കാര്യത്തിൽ വിശദീകരണം നല്കേണ്ടതാണ്. കൂടാതെ തുക അടിയന്തിരമായി ലഭ്യമാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-7 തനത്ഫണ്ട്- അപാകതകൾ

ജനറൽ പർപ്പസ് ഫണ്ടിന്റെ വിനിയോഗം മോണിറ്റർ ചെയ്യുന്നതിലും ചെലവനുവാദം നൽകും മുൻപ് ചെലവിന്റെ അനിവാര്യത പരിശോധിക്കുന്നതിലും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ശ്രദ്ധ ചെലുത്തിയിട്ടില്ല. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

1. 2020 മെയ് 4, 5, 6, 7, 8, 11 തിയ്യതികളിൽ ബ്ലോക്ക് പഞ്ചായത്തിന്റെ ഔദ്യോഗിക വാഹനം ( KL 18 U 6554 ) ഓടിച്ചതിന് ധനേഷ് എം.വി എന്നവർക്ക് 4290 രൂപ അനുവദിച്ചിട്ടുണ്ട്. (വൗച്ചർ നം.22000083, Dt.18-06-2020). എന്നാൽ ഈ ദിവസങ്ങളിൽ സെക്രട്ടറിയുടെ വാഹനത്തിന്റെ ഡ്രൈവറായ ശ്രീ.വിപിൻകുമാർ ടി.വി എന്നവർ ഓഫീസിൽ ഹാജരുണ്ടായിരുന്നു എന്ന് അറ്റൻഡൻസ് രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും ബോധ്യപ്പെട്ടിട്ടുണ്ട്. ഡ്രൈവർ ഉണ്ടായിരിക്കെ താത്കാലിക ഡ്രൈവറുടെ സേവനം ഉപയോഗപ്പെടുത്തിയതിന്റെ കാരണം പരിശോധിക്കാതെയാണ് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെലവനുവാദം നൽകി ചെലവ് ക്രമീകരിച്ചിട്ടുള്ളത്.
2. നം.22000084, Dt.18-06-2020 നമ്പർ വൗച്ചർ മുഖേന 1500 രൂപ 2019-20 വർഷത്തെ വാർഷിക കണക്ക് തയ്യാറാക്കിയതിന് ഐ.കെ.എം ടെക്നിക്കൽ എക്സ്പെർട്ടിന് അനുവദിച്ചിട്ടുണ്ട്. വാർഷിക കണക്കുകൾ ജനറേറ്റ് ചെയ്യപ്പെടുന്നത് സാംഖ്യ സോഫ്റ്റ്‌വെയർ മുഖേനയാണ്. സാമ്പത്തിക വർഷാന്ത്യത്തിൽ അക്കൗണ്ടന്റ് വരുത്തേണ്ട എൻട്രികളോടെയാണ് വാർഷിക കണക്ക് അന്തിമമാക്കപ്പെടുന്നത്. ഇത്തരം രേഖപ്പെടുത്തലുകൾ വരുത്തുക എന്നത് അക്കൗണ്ടന്റിന്റെ ചുമതലയാണ്. മേൽ സാഹചര്യത്തിൽ വാർഷിക കണക്ക് തയ്യാറാക്കുന്നതിന് എന്ന പേരിൽ തുക അനുവദിച്ചതിന്റെ കാരണം വ്യക്തമല്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് സ്ഥാപനം മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ ചെലവുകളുടെ അനിവാര്യത വ്യക്തമാക്കേണ്ടതും അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതുമാണ്.

## 1-8 ഫോഗിംഗ് മെഷീൻ വാങ്ങിയതിലെ അപാകതകൾ

മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) ഓഡിറ്റ് വർഷം കൊതുക് നിയന്ത്രണത്തിനായി ഫോഗിംഗ് മെഷീൻ വാങ്ങിയിട്ടുണ്ട്. പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| നിർവ്വഹണം | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി |
| പ്രോജക്ട് നം. | 79/21 |
| അടങ്കൽ | 67235/- |
| ഫണ്ട് | എം.ജി.(എൻ. ആർ) |
| ചെലവ് | 67235/- |
| ബിൽനം. തി. | 9609/21/25.11.20 |

ഡെങ്കി കേസുകൾ കൂടി വരുന്നതിനാൽ കൊതുക് നിയന്ത്രണത്തിനായി ഫോഗിംഗ് മെഷീൻ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ഹെൽത്ത് സൂപ്പർവൈസർ 18.07.2020 ന് മെഡിക്കൽ ഓഫീസർക്ക് കത്ത് നൽകുകയുണ്ടായി. ഈ കത്തിൽ ആശുപത്രിയിൽ നിലവിലുള്ള രണ്ട് ഫോഗിംഗ് മെഷീനുകൾ കേടാണെന്നും, ഇവ നന്നാക്കിയെടുക്കണമെന്നും അല്ലാത്തപക്ഷം പുതിയത് വാങ്ങാമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിലാണ് ഫോഗിംഗ് മെഷീൻ വാങ്ങിയിരിക്കുന്നത്. പ്രൊജക്ടിൽ മൽസരാധിഷ്ഠിത ക്വട്ടേഷനിലൂടെ പൊതുമാർക്കറ്റിൽ നിന്ന് വാങ്ങണമെന്നാണ് നിർദ്ദേശിച്ചിരിക്കുന്നത്. എന്നാൽ റെയ്ഡ്കോയിൽ നിന്ന് നേരിട്ടാണ് വാങ്ങിയത്. മെഷീൻ ലഭിച്ചത് 19.11.2020 നാണ്. മഴക്കാലത്തിന് മുൻപായി നടത്തേണ്ടിയിരുന്ന ഇത്തരം പ്രവർത്തനങ്ങൾ വൈകിയതുമൂലം ഫോഗിംഗ് മെഷീൻ ലഭിക്കുമ്പോഴേക്കും മഴക്കാലം കഴിയാറായിരുന്നു. ഫോഗിംഗ് മെഷീനുകൾ സമയബന്ധിതമായി റിപ്പയർ വർക്കുകൾ നടത്താത്തത് മൂലം വീണ്ടും പുതിയവ വാങ്ങി ബ്ലോക്ക് പഞ്ചായത്തിന് സാമ്പത്തിക നഷ്ടമുണ്ടാക്കി. വർക്കിംഗ് ഗ്രൂപ്പ് പദ്ധതികൾ സമയബന്ധിതമായി ആസൂത്രണം ചെയ്ത് നടപ്പാക്കാത്തത് മൂലമാണ് ഇങ്ങനെ സംഭവിച്ചത്.

ജി.ഒ (പി) നമ്പർ 259/2010.തസ്വഭവ. തി. 08.11.2010 പ്രകാരമുള്ള പ്രൊക്യൂർമെന്റ് മാന്വലിൽ 25000 നും 100000 നും രൂപയ്ക്ക് ഇടയിലുള്ള വാങ്ങലുകൾക്ക് ലിമിറ്റഡ് ടെൻഡർ രീതിയാണ് അവലംബിക്കേണ്ടത്. ഇത് പ്രകാരം 8 മുതൽ 10 വരെ പേരിൽ നിന്നും(കുറഞ്ഞത് 5) മത്സരാധിഷ്ഠിത നിരക്കുകൾ ക്ഷണിക്കേണ്ടതാണ്. ഇതിൽ നിന്ന് പ്രൊക്യൂർമെന്റ് ടീമാണ് വാങ്ങലുകൾക്ക് അന്തിമാനുമതി നൽകേണ്ടത്. എന്നാൽ മേൽ സൂചിപ്പിച്ച പദ്ധതിയിലെ വാങ്ങലുകൾക്ക് ഈ നിബന്ധനകൾ പാലിച്ചതായി കാണുന്നില്ല. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.3/20-21/30.5.22 ) മറുപടി നൽകിയിട്ടില്ല. സമയബന്ധിതമായി പദ്ധതി രൂപീകരിച്ച് നിർവ്വഹണം നടത്തുന്നതിലെ വീഴ്ച മൂലം പൊതുജനങ്ങൾക്ക് പദ്ധതി കൊണ്ട് ലഭിക്കേണ്ട പ്രയോജനം ലഭിക്കാതെ പോകുന്ന വിഷയത്തിൽ ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-9 എന്റർപ്രൈസ് ഫെസിലിറ്റേഷൻ സെന്റർ ആരംഭിക്കാത്തതും മറ്റ് അപാകതകളും

ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ സ്വയംതൊഴിൽ സംരംഭകർക്ക് ആവശ്യമായ നിർദ്ദേശങ്ങളും, പരിശീലനവും നൽകുന്നതിന് എന്റർപ്രൈസ് ഫെസിലിറ്റേഷൻ സെന്റർ ആരംഭിക്കേണ്ടതാണ്. എന്നാൽ ഇത് ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല. ഗ്രാമപഞ്ചായത്തുകളിൽ നിന്നും നിർദ്ദേശിക്കുന്ന സംരംഭകർക്ക് സംരംഭവികസനവുമായി ബന്ധപ്പെട്ട പ്രത്യേക മേഖലകളിലെ സംരംഭകത്വം സംബന്ധിച്ച വിശദവും സൂക്ഷ്മവുമായ പരിശീലനം നൽകുകയും പ്രൊജക്ട്, ഫീസിബിലിറ്റി, റിപ്പോർട്ട്, ബാങ്ക് എബിലിറ്റി, ലൈസൻസുകൾ എന്നിവ സംബന്ധിച്ച വ്യക്തമായ ഉപദേശ നിർദ്ദേശങ്ങളും സഹായങ്ങളുമാണ് സെന്ററിലൂടെ ലക്ഷ്യമാക്കുന്നത്. ആവശ്യമായ ഫർണ്ണിച്ചറുകളും, പരിശീലന സാമഗ്രികളും ഉറപ്പാക്കി ബ്ലോക്ക് പഞ്ചായത്തുകൾ ഇത്തരം സെന്ററുകൾ ആരംഭിക്കേണ്ടതാണ്. എന്നാൽ ഓഡിറ്റ് വർഷം ഇതിന് നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല. സംരംഭകരാകാൻ ആഗ്രഹിക്കുന്നവർക്ക് ആവശ്യമായ പരിശീലനം നൽകുകയും അവരെ മികച്ച സംരംഭകരാക്കി മാറ്റുകയും ചെയ്യുന്നതിന് പകരം ഒരു ഗ്രൂപ്പിന് മാത്രം സബ്സിഡി നൽകുന്നതിനുള്ള പദ്ധതിയാണ് നടപ്പാക്കിയിരിക്കുന്നത്. മാത്രമല്ല വ്യവസായ വികസന ഓഫീസർക്ക് ഓഡിറ്റ് വർഷം രണ്ട് പദ്ധതികളായിരുന്നു ഉണ്ടായിരുന്നത്. ഇതിലെ ആകെ അടങ്കൽ 2550000 രൂപയായിരുന്നു. എന്നാൽ

ഇതിൽ ആകെ ചെലവഴിച്ചത് 270000/- രൂപ മാത്രമാണ്. ഈ മേഖല വകയിരുത്തിയ വൻതുക പാഴാക്കിയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.2/20-21/30.5.22) മറുപടി നൽകിയിട്ടില്ല. മേഖലയ്ക്ക് വകയിരുത്തിയ തുകയിൽ ഭൂരിഭാഗവും നഷ്ടമായതിന്റെ കാരണം വിശദീകരിക്കേണ്ടതാണ്.

## 1-10 മടിത്തട്ട് സമഗ്ര വയോജന പരിപാലന പരിപാടി നിർവ്വഹണത്തിലെ അപാകതകൾ

ബ്ലോക്ക് പഞ്ചായത്തിൽ മടിത്തട്ട് എന്ന പേരിൽ നടപ്പാക്കിയ സമഗ്ര വയോജന പദ്ധതിയുടെ നടത്തിപ്പിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| നിർവ്വഹണം | സിഡിപിഒ |
| പ്രോജക്ട് നം. | 29/21 |
| അടങ്കൽ | 240000/- |
| ഫണ്ട് | വികസനം |
| ചെലവ് | 233733/- |
| ബിൽനം. തി. | 2/21/9.7.20 |

വയോജനങ്ങൾക്ക് കൗൺസിലിംഗ് നൽകുന്നതിന് കൗൺസിലറെ നിയമിക്കുന്നതിനും, വയോജന കേന്ദ്രത്തിലേക്ക് ഉപകരണങ്ങൾ വാങ്ങുന്നതിനുമാണ് പദ്ധതി നടപ്പാക്കിയത്. കൗൺസിലർക്ക് പ്രതിമാസം 22000/- രൂപ വീതം ഓണറേറിയം നൽകിയിട്ടുണ്ട്.സ.ഉ.(കൈ) നം.22/2018/ തസ്വഭവ.തി.14.2.2018 ഖ.7.1.13 പ്രകാരമുള്ള സബ്സിഡി മാർഗ്ഗരേഖയിൽ പകൽവീട് / വൃദ്ധസദനം നടത്തിപ്പിന് അനുയോജ്യമായ തരത്തിൽ ജീവനക്കാരനെ കരാർ അടിസ്ഥാനത്തിൽ നിയമിച്ച് പ്രതിമാസം 7000/-രൂപ വേതനം നൽകാമെന്ന് സൂചിപ്പിച്ചിട്ടുണ്ട്. എന്നാൽ കൗൺസിലർക്ക് അധിക വേതനം നൽകാനുണ്ടായ സാഹചര്യം വിശദീകരിക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.4/20-21/30.5.22) മറുപടി നൽകിയിട്ടില്ല. പദ്ധതിക്ക് ചെലവഴിച്ച 233733/- രൂപ തടസ്സത്തിൽ വെയ്ക്കുന്നു

## 1-11 പ്രൊക്യൂർമെന്റ് മാനുവലിലെ വ്യവസ്ഥകൾ പാലിക്കുന്നതിൽ വീഴ്ച- നിർവ്വഹണ ഉദ്യോഗസ്ഥർ സ്വന്തം നിലയിൽ വാങ്ങലുകൾ നടത്തുന്നു

1) മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) നിർവ്വഹണ ഉദ്യോഗസ്ഥനായ പദ്ധതിയിൽ ബയോകെമിസ്ട്രി അനലൈസർ, എയർകണ്ടീഷണർ, കമ്പ്യൂട്ടർ, പ്രിന്റർ എന്നിവ വാങ്ങുന്നതിന് ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| | |
|---|---|
| നിർവ്വഹണം | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി |
| പ്രോജക്ട് നം. | 90/21 |
| അടങ്കൽ | 110000/- |
| ഫണ്ട് | എം.ജി.(എൻ. ആർ) |
| ചെലവ് | 81554/- |
| ബിൽനം. തി. | 6409/21/18.3.21 |

ജി.ഒ (പി) നമ്പർ 259/2010.തസ്വഭവ. തി.08.11.2010 പ്രകാരമുള്ള പ്രൊക്യൂർമെന്റ് മാന്വലിൽ 100000 രൂപയ്ക്ക് മുകളിലുള്ള വാങ്ങലുകൾക്ക് ഓപ്പൺ ടെൻഡർ രീതിയാണ് അവലംബിക്കേണ്ടത്. ഇതിന് മത്സരാധിഷ്ഠിത നിരക്കുകൾ ക്ഷണിച്ചുകൊണ്ട് പത്രപരസ്യം നൽകേണ്ടതാണ്. ഇതിൽ നിന്ന് പ്രൊക്യൂർമെന്റ് ടീമാണ് വാങ്ങലുകൾക്ക് അന്തിമാനുമതി നൽകേണ്ടത്. എന്നാൽ മേൽ സൂചിപ്പിച്ച പദ്ധതിയിലെ വാങ്ങലുകൾക്ക് ഈ നിബന്ധനകൾ പാലിച്ചതായി കാണുന്നില്ല. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.1/20-21/30.5.22) മറുപടി നൽകിയിട്ടില്ല.

2) വയോജന കേന്ദ്രത്തിൽ സൗകര്യമൊരുക്കൽ - ഉപകരണങ്ങൾ വാങ്ങിയതിലെ അപാകതകൾ

വയോജനകേന്ദ്രത്തിലേക്ക്, ടി.വി, വാട്ടർപ്യൂരിഫയർ, സ്റ്റെബിലൈസർ, പുസ്തകങ്ങൾ എന്നിവ വാങ്ങുന്നതിനാണ് പദ്ധതി നടപ്പാക്കിയത്. പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രൊജക്ട് നം. | 75/21 |
| അടങ്കൽ | 400000 |
| ഫണ്ട് | വികസനം |
| ചെലവ് | 39878/- |
| ബിൽ നമ്പർ/ തീയതി | 899/21/18.9.20 |

ജി.ഒ (പി) നമ്പർ 259/2010.തസ്വഭവ.തി.08.11.2010 പ്രകാരമുള്ള പ്രൊക്യൂർമെന്റ് മാന്വലിൽ 25000 നും 100000 നും രൂപയ്ക്ക് ഇടയിലുള്ള വാങ്ങലുകൾക്ക് ലിമിറ്റഡ് ടെൻഡർ രീതിയാണ് അവലംബിക്കേണ്ടത്. ഇത് പ്രകാരം 8 മുതൽ 10 വരെ പേരിൽ നിന്നും(കുറഞ്ഞത് 5) മത്സരാധിഷ്ഠിത നിരക്കുകൾ ക്ഷണിക്കേണ്ടതാണ്. ഇതിൽ നിന്ന് പ്രൊക്യൂർമെന്റ് ടീമാണ് വാങ്ങലുകൾക്ക് അന്തിമാനുമതി നൽകേണ്ടത്. എന്നാൽ മേൽ സൂചിപ്പിച്ച പദ്ധതിയിലെ വാങ്ങലുകൾക്ക് ഈ നിബന്ധനകൾ പാലിച്ചതായി കാണുന്നില്ല. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.5/20-21/30.5.22) മറുപടി നൽകിയിട്ടില്ല. ഘടക സ്ഥാപനങ്ങളുടെ വാങ്ങലുകളുടെ കാര്യത്തിൽ പ്രൊക്യൂർമെന്റ് മാന്വലിലെ വ്യവസ്ഥകൾ പാലിക്കാത്തത് ഗൗരവമായി കാണേണ്ടതാണ്. വിഷയത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

1-12 സോളാർ പ്ലാന്റ്-പ്രവർത്തനക്ഷമതയില്ല

2017-18 വർഷത്തിൽ ബ്ലോക്ക് ഓഫീസിൽ 10.35 ലക്ഷം രൂപ ചെലവഴിച്ച് നിർമ്മിക്കപ്പെട്ട 10KW കപ്പാസിറ്റിയുള്ള സോളാർ പ്ലാന്റ് , സ്ഥാപിക്കപ്പെട്ട് നാളിതുവരെ ചെലവഴിച്ച തുകയ്ക്കനുസൃതമായ പ്രവർത്തനം കാഴ്ചവെച്ചിട്ടില്ലെന്ന് ഇത് സംബന്ധിച്ച രേഖകളും പ്ലാന്റിന്റെ നിലവിലെ അവസ്ഥയും വ്യക്തമാക്കുന്നു. പ്ലാന്റ് 27.12.17 തീയതിയിൽ കമ്മീഷൻ ചെയ്തതായും 29.12.17 തീയതി മുതൽ പ്രവർത്തനക്ഷമമായതായും പ്രൊജക്ട് ഫയലിൽ നിന്നും വ്യക്തമാകുന്നുണ്ട്. 13.11.19 തീയതിയിൽ സെക്രട്ടറി കെൽട്രോൺ സീനിയർ എഞ്ചിനീയർക്ക് അയച്ച കത്തിൽ ഇൻവെർട്ടറിനായി സ്ഥാപിച്ച 10 ബാറ്ററികളിൽ ഒരെണ്ണം 23.5.19 തീയതിയിൽ താൽക്കാലികമായി മാറ്റിയത് പുതിയത് ഉപയോഗിച്ച് പുന സ്ഥാപിക്കണമെന്ന് ആവശ്യപ്പെട്ടതിനൊപ്പം മറ്റ് രണ്ട് അപാകതകൾ കൂടി പരിഹരിക്കാൻ ആവശ്യപ്പെട്ടു കാണുന്നു. ഇൻവെർട്ടറിന്റേയും ബാറ്ററികളുടേയും അപാകതകൾ കാരണം (ടെക്നീഷ്യന്മാർ പറഞ്ഞ പ്രകാരം) രാവിലെ 10 മണി മുതൽ 3 മണി വരെ മാത്രമാണ് ഇൻവെർട്ടർ പ്രവർത്തിക്കുന്നതെന്നും, ഓട്ടോമാറ്റിക്

ചെയിഞ്ച് ഓവർ സ്വിച്ച് കഴിഞ്ഞ തവണ തകരാർ പരിഹരിച്ചതിന് ശേഷം ഒരു മാസം മാത്രമാണ് പ്രവർത്തിച്ചതെന്നുമായിരുന്നു ഈ അപാകതകൾ. ഈ പ്രശ്നങ്ങൾ പരിഹരിക്കപ്പെട്ടോയെന്ന് ഫയലിൽ നിന്നും വ്യക്തമാകുന്നില്ല. 22.10.20 ലെ രണ്ടാം നമ്പർ അജണ്ടയിലെ ഒന്നാം നമ്പർ പ്രകാരം ബ്ലോക്ക് പഞ്ചായത്ത് ഓഫീസ് കെട്ടിടത്തിൽ തിരുവനന്തപുരം കെൽട്രോൺ മുഖേന സ്ഥാപിച്ച സോളാർ പ്ലാന്റ് ഗുണനിലവാരമില്ലാത്ത ബാറ്ററികളും യു.പി.എസും കാരണം പ്രവർത്തനരഹിതമായി കിടക്കുകയാണെന്നും, ഇക്കാര്യങ്ങൾ വിശദമായ കത്ത് മുഖേന മേൽ സ്ഥാപനത്തെ അറിയിച്ചിരുന്നെങ്കിലും യാതൊരു നടപടിയും ഉണ്ടാകാത്ത സാഹചര്യത്തിൽ തിരുവനന്തപുരം കെൽട്രോൺ മാനേജിംഗ് ഡയറക്ടർക്ക് ഒരു കത്ത് കൂടി നൽകി തുടർനടപടികൾ സ്വീകരിക്കാനും തീരുമാനിച്ചു കാണുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ 27.10.20 ന് സെക്രട്ടറി, കെൽട്രോൺ എം.ഡിക്ക് അയച്ച കത്തിൽ പ്ലാന്റ് പ്രവർത്തനരഹിതമാണെന്നും, മുൻപും പ്രവർത്തനരഹിതമായിട്ടു ണ്ടെന്നും ബാറ്ററികളിൽ ഒന്ന് മുൻപ് പൊട്ടിത്തെറിച്ചത് പിന്നീട് മാറ്റിയെന്നും എന്നാൽ 5.6.20 ന് മറ്റൊന്ന് പൊട്ടിത്തെറിച്ചതിനാൽ അന്നു മുതൽ പ്രവർത്തിക്കുന്നില്ലെന്നും, മറ്റൊരു ബാറ്ററിയുടെ സൈഡ് വാൾ വീർത്തിരിക്കുകയാ ണെന്നും അറിയിച്ചു കാണുന്നു. ഭീമമായ തുക ചെലവഴിച്ച് സ്ഥാപിച്ച പ്ലാന്റ് കൊണ്ട് പ്രയോജനമൊന്നുമില്ലെന്നും, പൂർണ്ണമായും കെ.എസ്.ഇ.ബി യെ ആശ്രയിക്കുന്നതി നാൽ വൈദ്യുതി ചാർജ്ജിനത്തിൽ വൻതുക ചെലവഴിക്കുകയാണെന്നും കത്തിൽ സൂചിപ്പിച്ചിട്ടുണ്ട്. ഗുണനിലവാരമില്ലാത്ത ഇൻവെർട്ടറും ബാറ്ററിയുമാണ് കെൽട്രോൺ സ്ഥാപിച്ചതെന്ന് വിദഗ്ദർ വ്യക്തമാക്കിയിട്ടുണ്ടെന്നും സ്ഥാപിച്ച എല്ലാ ബാറ്ററികളും പൊട്ടുന്ന അവസ്ഥയിലാണെന്നും കത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. അപാകതകൾ എത്രയും പെട്ടെന്ന് പരിഹരിക്കാൻ ഈ കത്തിൽ ആവശ്യപ്പെട്ടുന്നെങ്കിലും കോവിഡ് പശ്ചാത്തലത്തിൽ കൂടുതൽ സമയം ആവശ്യപ്പെട്ട് 21.8.20 ന് കെൽട്രോൺ കത്ത് നല്കിയതായി കാണുന്നു. എന്നാൽ തുടർന്ന് അപാകതകൾ പരിഹരിച്ചോയെന്ന് വ്യക്തമല്ല.

നിലവിൽ ഈ പ്ലാന്റ് കൊണ്ട് യാതൊരു പ്രയോജനവും ലഭിക്കുന്നില്ലെന്ന് ജീവനക്കാർ വ്യക്തമാക്കിയതും ഓഡിറ്റിന് തന്നെ ബോധ്യപ്പെട്ടതുമാണ്. 10kw കപ്പാസിറ്റിയുള്ള പ്ലാന്റ് കൊണ്ട് സ്ഥാപനത്തിന്റെ പൂർണ്ണമായ വൈദ്യുതി ആവശ്യങ്ങൾ നിറവേറ്റപ്പെടേണ്ടതായിരുന്നു. എന്നാൽ നിലവിൽ ഇക്കാര്യത്തിന് കെ.എസ്.ഇ.ബി യെയാണ് പൂർണ്ണമായും ആശ്രയിക്കുന്നത്. വൈദ്യുതി തടസ്സം നേരിടുമ്പോൾ ആശ്രയിക്കുന്ന ഇൻവെർട്ടർ പോലെ മാത്രമാണ് പ്ലാന്റ് പ്രവർത്തിക്കുന്നതെങ്കിലും ആവശ്യം താങ്ങാൻ പറ്റാതെ ബ്രേക്ക് ആകുന്ന അവസ്ഥയിലാണ് ഉപകരണമുള്ളത്.

പ്ലാന്റിനെ കൊണ്ട് ഒരു കാലത്തും പ്രയോജനം ലഭിച്ചിരുന്നില്ലെന്ന് സ്ഥാപനം ഒടുക്കിയ കറന്റ് ചാർജ്ജിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുന്നുണ്ട്. 2015-16 വർഷം മുതൽ 20-21 വർഷം വരെ ഈ ഇനത്തിലെ ചെലവ് താഴെ കൊടുക്കുന്നു.

| വർഷം | തുക |
|---|---|
| 2015-16 | 51427 |
| 2016-17 | 64210 |
| 2017-18 | 55482 |
| 2018-19 | 47216 |
| 2019-20 | 64868 |
| 2020-21 | 100561 |

കമ്മീഷൻ ചെയ്തതിന് മുമ്പും പിമ്പും വലിയ വ്യതിയാനമില്ലാതെ ചാർജ്ജ് ഒടുക്കുന്നുണ്ടെന്ന് കണക്കുകൾ കാണിക്കുന്നു. എന്നാൽ ഇതേ വർഷം ഓർക്കാട്ടേരി സി.എച്ച്.സി യിൽ സ്ഥാപിച്ച സോളാർ പ്ലാന്റിൽ നിന്നും പൂർണ്ണമായ പ്രവർത്തനക്ഷമത സ്ഥാപനത്തിന് ലഭിക്കുന്നുണ്ട്. ഈ പ്ലാന്റ് ഗ്രിഡുമായി ബന്ധിപ്പിച്ചതിനാൽ ബാറ്ററി ആവശ്യമില്ലാത്തതാണ്. കൂടാതെ ഉപയോഗിക്കുന്ന വൈദ്യുതിയേക്കാൾ കൂടുതൽ ഗ്രിഡിലേക്ക് നല്കുന്നതിനാൽ കറന്റ് ചാർജ്ജിനത്തിൽ ചെലവില്ല എന്നതിനോടൊപ്പം ഓഡിറ്റ് വർഷം 22000/-രൂപയിൽപരം വരുമാനം സ്ഥാപനത്തിനുണ്ടായിട്ടുണ്ട്. ഗ്രിഡിലേക്ക് കണക്ട് ചെയ്യാതെ ബാറ്ററി ബാക്ക് അപ് ഓപ്ഷൻ സ്വീകരിച്ചതാണ് ഓഫീസിന്റെ കാര്യത്തിൽ നിലവിലെ അവസ്ഥയ്ക്ക് കാരണമെന്ന് കാണാം. കരാർ പ്രകാരം ഗ്യാരന്റി കാലയളവിലാണ് പ്ലാന്റ് പ്രവർത്തിക്കാത്തത് എന്നതിനാൽ കെൽട്രോണിനെതിരെ നടപടി സ്വീകരിച്ച് നഷ്ടം നികത്തേണ്ടതും കാര്യക്ഷമമായ പ്രവർത്തനം ഉറപ്പുവരുത്താൻ ഗ്രിഡുമായി ബന്ധിപ്പിക്കുന്നതിന്റെ സാധ്യത പരിശോധിക്കാവുന്നതുമാണ്.

**1-13 ജൈവസമൃദ്ധി ബയോഫെർട്ടിലൈസർ പദ്ധതി -നാളിതുവരെ പ്രവർത്തനം ആരംഭിച്ചില്ല.**

നിർവ്വഹണം-കൃഷി അസിസ്റ്റന്റ് ഡയറക്ടർ

അടങ്കൽ-503503/(സ്പിൽ ഓവർ)-(വികസന ഫണ്ട്-ജനറൽ-503503/-)

ചെലവ്-502706/-

ബ്ലോക്ക് പഞ്ചായത്തും വടകര അഗ്രോ സർവ്വീസ് സെന്ററും സംയുക്തമായി നടത്താൻ ഉദ്ദേശിച്ച പദ്ധതിയാണ് ജൈവസമൃദ്ധി. ബ്ലോക്ക് പരിധിയിലെ 4 ഗ്രാമപഞ്ചായത്തുകളിലെ ക്ഷീര കർഷകരിൽ നിന്ന് ചാണകവളം ശേഖരിച്ച് ജൈവ-വളം തയ്യാറാക്കാനാണ് പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. ഇതിന് ഒരു ഷെഡ് നിർമ്മിക്കേണ്ടതും, പൾവറൈസർ ഘടിപ്പിക്കേണ്ടതുമുണ്ട്.

ഇത് നടപ്പാക്കാൻ 2019-20 വർഷത്തിൽ നൂതന പദ്ധതി തയ്യാറാക്കുകയും, (പ്രോജക്ട് നം-33/19-20) 395000 രൂപ ചെലവഴിക്കുകയും ചെയ്തു.

2020-21 വർഷത്തിൽ ഇതിലേയ്ക്കായി 503503/-രൂപ വകയിരുത്തുകയും 502706/-രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. ബിൽ നം-1/20-21 തിയ്യതി-12.02.2021 പ്രകാരം 299203/-രൂപ ചെലവഴിച്ചതിന്റെ രേഖകൾ മാത്രമാണ് ഓഡിറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയത്. 203503/- രൂപ ചെലവഴിച്ചതിന്റെ രേഖകൾ ഓഡിറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഓഡിറ്റ് തിയ്യതി വരെ ജൈവവളം നിർമ്മിക്കുന്നതിനുള്ള പ്ലാന്റ് പ്രവർത്തനം ആരംഭിച്ചിട്ടില്ല. പ്ലാന്റിനായി വാങ്ങിയ ഉപകരണങ്ങൾ ഉപയോഗശൂന്യമായി പോകുന്നതിനുള്ള സാധ്യത നിലനില്ക്കുന്നു. അപാകതകൾ സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.(എൻക്വയറി നം-12/2020-21 തിയ്യതി-30.05.2022). രേഖകൾ ലഭ്യമാക്കാത്തതിനാൽ ചെലവ് തുക 203503/- രൂപ തടസ്സപ്പെടുത്തുന്നു.

**1-14 കൃഷി അസിസ്റ്റന്റ് ഡയറക്ടർ പ്രോജക്ട് നിർവ്വഹണം നടത്തിയതിന്റെ രേഖകൾ ഹാജരാക്കിയില്ല.**

നിർവ്വഹണോദ്യോഗസ്ഥൻ-കൃഷി അസിസ്റ്റന്റ് ഡയറക്ടർ

2020-21 സാമ്പത്തിക വർഷത്തിൽ കൃഷി അസിസ്റ്റന്റ് ഡയറക്ടർ നിർവ്വഹണം നടത്തിയ ചുവടെ ചേർത്ത പ്രോജക്ടുകൾ നിർവ്വഹണം നടത്തിയതിന്റെ രേഖകൾ ഓഡിറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

| പ്രോജക്ട് നം/പേര് | വകയിരുത്തിയ തുക | ചെലവ് തുക |
|---|---|---|
| 25/20-21-നെൽകൃഷിക്ക് കൂലിചെലവ് നൽകൽ(സംയുക്തം) | 255000/- | 47500/- |
| 67/20-21-നെൽകൃഷിക്ക് | 301500/- | 127500/- |

| | | |
|---|---|---|
| കൂലിചെലവ് നൽകൽ ഗ്രാമപഞ്ചായത്തിന് തുക കൈമാറൽ | | |
| ആകെ | | 175000/- |

ചെലവ് രേഖകൾ ഓഡിറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കുന്നതിനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല (ഓഡിറ്റ് എൻക്വയറി നം-12/20-21 തിയ്യതി-30.05.2022). ചെലവ് തുക 175000/- രൂപ തടസ്സത്തിൽ വെക്കുന്നു.

## 1-15 ക്ഷീരസംഘങ്ങൾ മുഖേന പാലിന് സബ്സിഡി -വിനിയോഗവിവരം ലഭ്യമല്ല.

പ്രോജക്ട് നം-37/2020-21

നിർവ്വഹണം-ഡയറി എക്സ്റ്റൻഷൻ ഓഫീസർ

അടങ്കൽ-2981704/-(പൊതുവിഭാഗം സാധാരണ വിഹിതം-2279978/-, ഗ്രാമപഞ്ചായത്ത് വിഹിതം-480000/-)

ചെലവ് തുക-2279978/-(NEFT Fund Transfer )

ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ 7 ഗ്രാമപഞ്ചായത്തുകളിലെ ക്ഷീരസഹകരണ സംഘങ്ങളിൽ പാലളക്കുന്ന ക്ഷീരകർഷകർക്ക് ലിറ്ററിന് പരമാവധി 4/- രൂപ നിരക്കിൽ ധനസഹായം നൽകുന്നതിനാണ് പ്രൊജക്ട് ഉദ്ദേശിച്ചിരിക്കുന്നത്. ഇതിനായി ചുവടെ ചേർക്കും പ്രകാരം ഗ്രാമപഞ്ചായത്തുകളുടെ ട്രഷറി ടി.എസ്.ബി അക്കൗണ്ടുകളിലേയ്ക്ക് തുക കൈമാറിയിട്ടുണ്ട്.

| ക്രമ നം | ഗ്രാമപഞ്ചായത്തിന്റെ പേര് | കൈമാറിയ തുക | തിയ്യതി |
|---|---|---|---|
| 1 | ചോറോട് | 484272/- | 10.03.2021 ,27.03.2021 NEFT Fund Transfer |
| 2 | ഒഞ്ചിയം | 292528/- | |
| 3 | ഏറാമല | 1503178/- | |
| ആകെ തുക | | 2279978/- | |

പട്ടികയിൽ കാണിച്ച പ്രകാരം 2279978/- രൂപ ക്ഷീരകർഷകർക്ക് പാലിന് ഇൻസെന്റീവ് നൽകുന്നതിന് ചെലവഴിച്ചിട്ടുണ്ടെങ്കിലും തുക വിനിയോഗിച്ചതിന്റെ വിനിയോഗ വിവരം ഗ്രാമപഞ്ചായത്തുകളിൽ നിന്നും ലഭ്യമാക്കിയിട്ടില്ല. അപാകത സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല(ഓഡിറ്റ് എൻക്വയറി നം-10/2020-21തിയ്യതി-30.05.2022). വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-16 ആദായനികുതി, ക്ഷേമനിധി വിഹിതം എന്നിവ ഈടാക്കിയതിൽ കുറവ്

ബ്ലോക്ക് പഞ്ചായത്തിലെ 2020-21 വർഷത്തെ പൊതുമരാമത്ത് പ്രവൃത്തികളുടെ ബില്ലിൽ നിന്നും ആദായ നികുതി, ക്ഷേമനിധി വിഹിതം, ജി.എസ്.ടി എന്നിവ കുറവ് ചെയ്യുന്നതിന് അടിസ്ഥാനമാക്കേണ്ടത് ആകെ പ്രവൃത്തി മൂല്യമാണ്. എന്നാൽ ആകെ പ്രവൃത്തിമൂല്യത്തിൽ നിന്നും 12 ശതമാനം ജി.എസ്.ടി കുറവ് ചെയ്ത തുകയെ അടിസ്ഥാനമാക്കിയാണ് ആദായനികുതി, ക്ഷേമനിധി വിഹിതം, എന്നിവ ഈടാക്കിയിട്ടുള്ളത്. ഒരു ഉദാഹരണം ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രൊജക്ടിന്റെ വിശദാംശം | ആകെ പ്രവൃത്തിമൂല്യം | ഈടാക്കേണ്ടിയിരുന്ന IT, KCWWF, | ഈടാക്കിയ തുക | കുറവ് വന്ന തുക |
|---|---|---|---|---|---|
| 1 | 51/20-21 , പട്ട്യാത്ത് മുക്ക് പനോളിതാഴ റോഡ് | 578425 | 11568 | 10328 | 1340 |

ഓഡിറ്റ് വർഷത്തിലെ മുഴുവൻ ബില്ലുകളിൽ നിന്നും മേൽ പറഞ്ഞ രീതിയിലാണ് ആദായനികുതി, ക്ഷേമനിധിവിഹിതം എന്നിവ കുറവ് ചെയ്ത് ഈടാക്കിയിട്ടുള്ളത്. ബില്ലിൽ നിന്നും കുറവ് ചെയ്യുന്ന ആദായനികുതി, ക്ഷേമനിധി വിഹിതം, എന്നിവ ജി.എസ്.ടി ഉൾപ്പെടുന്ന പ്രവൃത്തിമൂല്യത്തിന് അനുസൃതമാണെന്ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പ് വരുത്തിയിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് സ്ഥാപനം മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും ആവർത്തിക്കാതിരിക്കാൻ നടപടി സ്വീകരിക്കേണ്ടതുമാണ്.

1-17 എസ്.സി.പി ഫണ്ടുപയോഗിച്ച് റോഡ് നിർമ്മാണം- നടപടിക്രമം പാലിച്ചില്ല.

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2020-21 വർഷത്തിൽ നടപ്പാക്കിയ അണ്ടിക്കമ്പനി- ചെറിയ വളപ്പിൽ റോഡ് (പട്ടികജാതി വിഭാഗക്കാരുടെ സങ്കേതത്തിലേക്ക്) എന്ന പദ്ധതി മുഖേന 483796 രൂപ എസ്.സി.പി ഫണ്ട് വിനിയോഗിച്ച് റോഡ് നിർമ്മാണം നടത്തിയിട്ടുണ്ട്. 29.01.2018 തിയ്യതിയിലെ സ.ഉ.(കൈ) നം. 11/2018 പ്രകാരമുള്ള പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലെ അവശേഷിക്കുന്ന വാർഷിക പദ്ധതികൾ തയ്യാറാക്കുന്ന തിനുള്ള മാർഗ്ഗരേഖയിലെ ഖണ്ഡിക 6.1(6) മുതൽ 6.1(9) വരെയുള്ള നിർദ്ദേശങ്ങൾക്ക് വിരുദ്ധമായാണ് എസ്.സി.പി ഫണ്ട് വിനിയോഗിച്ചിട്ടുള്ളത്.

29.01.2018 തിയ്യതിയിലെ സ.ഉ.(കൈ) നം. 11/2018 പ്രകാരമുള്ള പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലെ അവശേഷിക്കുന്ന വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖയിലെ ഖണ്ഡിക 6.1 ൽ ആകെ ഗുണഭോക്തൃ കുടുംബങ്ങളിൽ അമ്പത് ശതമാനത്തിലധികം പട്ടികജാതിക്കാരാണെങ്കിൽ ആ പ്രൊജക്ടിന് പൂർണ്ണമായും പട്ടികജാതി ഉപപദ്ധതി വിഹിതം വകയിരുത്താവുന്നതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ പട്ടികജാതി വിഭാഗക്കാരുടെ ശതമാനം തെളിയിക്കുന്നതിനായി സാമൂഹ്യഭൂപടം തയ്യാറാക്കുകയോ, വസ്തുത ബ്ലോക്ക് പട്ടികജാതി വികസന ഓഫീസർ സ്ഥല പരിശോധന നടത്തി സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല. മേൽ സാഹചര്യത്തിൽ പദ്ധതിക്ക് പൂർണ്ണമായും പട്ടികജാതി ഉപപദ്ധതി വിഹിതം വകയിരുത്തി ചെലവഴിച്ചതിന്റെ കാരണം വ്യക്തമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് സ്ഥാപനം മറുപടി ലഭ്യമാക്കിയിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1-18 സിമന്റ് കോൺക്രീറ്റ് പേവ്മെന്റ് നിർമ്മാണം - മോർഡ് സ്പെസിഫിക്കേഷൻ പ്രകാരമല്ല

2020-21 സാമ്പത്തിക വർഷത്തിൽ നിർമ്മാണം നടത്തിയ മാത്തുക്കണ്ടിമുക്ക് ചീക്കോളിമുക്ക് റോഡ് (പ്രോജക്ട്നം. 12/20-21), സിമന്റ് കോൺക്രീറ്റ് പേവ്മെന്റായാണ് നിർമ്മിച്ചിട്ടുള്ളത്. പ്രവൃത്തിയുടെ പ്രധാന ഇനമായ പേവ്മെന്റ് കോൺക്രീറ്റിംഗ് ചെയ്തിട്ടുള്ളത് മോർഡ് സ്പെസിഫിക്കേഷനിൽ നിഷ്കർഷിച്ചിരിക്കുന്ന വിധത്തിൽ അല്ലെന്ന് രേഖകളിൽ നിന്നും വ്യക്തമാകുന്നു. മോർഡ് സ്പെസിഫിക്കേഷനിലെ വിവിധ സ്ട്രക്ച്ചറുകളുടെ ഓപ്പൺ ഫൗണ്ടേഷൻ വിശദമാക്കുന്ന അദ്ധ്യായം 800, 1200 എന്നിവയിൽ വിശദീകരിക്കുന്നതും DAR ലെ അദ്ധ്യായം 11ൽ 11.4.3.1 നമ്പർ പ്രകാരം ഡാറ്റാ നൽകിയതുമായ കോൺക്രീറ്റ് ഇനമാണ് റോഡ് നിർമ്മിതിക്ക് ഉപയോഗപ്പെടുത്തിയിരിക്കുന്നതെന്ന്

എസ്റ്റിമേറ്റ് പരിശോധിച്ചതിൽ നിന്നും വ്യക്തമാകുന്നു. എന്നാൽ മോർഡ് സ്പെസിഫിക്കേഷനിലെ സെക്ഷൻ 1500 മുതലാണ് പേവ്മെന്റ് കോൺക്രീറ്റിംഗ് സംബന്ധിച്ച് വിശദമാക്കുന്നത്. കൂടാതെ മോർഡ് സ്റ്റാൻഡേർഡ് ഡാറ്റാ ബുക്കിലെ അദ്ധ്യായം 6 ൽ കോൺക്രീറ്റ് പേവ്മെന്റിന്റെ ഡാറ്റാ നല്കിയിട്ടുമുണ്ട്. ഇതിൽ 6.4 നമ്പർ ഇനമാണ് കോൺക്രീറ്റിനായി ഉപയോഗപ്പെടുത്തേണ്ടത്. വിവിധ സ്ട്രക്ച്ചറുകളുടെ ഫൗണ്ടേഷൻ കോൺക്രീറ്റും, പേവ്മെന്റുകൾക്കുപയോഗിക്കുന്ന കോൺക്രീറ്റും വ്യത്യസ്തമാണ്. റോഡിനാവശ്യമായ ഇലാസ്തികത, ഷോക് അബ്സോർപ്ഷൻ സ്വഭാവം എന്നിവ മറ്റ് സ്ട്രക്ച്ചറുകളുടെ ഫൗണ്ടേഷൻ കോൺക്രീറ്റിന് ഉണ്ടാകണമെന്നില്ല. ആയതിനാൽ 11.4.3.1 ഡാറ്റാ പ്രകാരമുള്ള കോൺക്രീറ്റിംഗ് റോഡ് പ്രവൃത്തികൾക്ക് അനുയോജ്യമല്ല. ആയത് അവലംബിച്ച് നിർമ്മിക്കുന്ന റോഡുകൾ പെട്ടെന്ന് തകരുവാൻ സാദ്ധ്യത ഏറെയുമാണ്. മേൽപ്പറഞ്ഞ രണ്ട് കോൺക്രീറ്റുകളുടെയും സ്പെസിഫിക്കേഷൻ പരിശോധിച്ചാൽ നിർമ്മിതിയിലെ വലിയ അന്തരം വ്യക്തമാകുന്നതാണ്. ഇനം 6.4 പ്രകാരമുള്ള റോഡ് കോൺക്രീറ്റിൽ ഉപയോഗിക്കാവുന്ന Coarse Aggregate 25 Mmൽ കൂടാൻ പാടില്ല എന്ന് നിഷ്കർഷിക്കുമ്പോൾ, 11.4.3.1ൽ 40 Mm Aggregate വരെ ഉപയോഗിക്കുന്നുണ്ട്. 6.4 പ്രകാരമുള്ള ഇനത്തിൽ ഉപയോഗിക്കുന്ന സാധനങ്ങളുടെ ബാഹുല്യവും വൈവിധ്യവും ഇവിടെ പ്രാധാന്യം അർഹിക്കുന്നു.

കോൺക്രീറ്റ് റോഡ് നിർമ്മിതിക്ക് 11.4.3.1 നമ്പർ ഡാറ്റാ ഉപയോഗപ്പെടുത്തി പ്രവർത്തികൾ നടത്താനുണ്ടായ സാഹചര്യം വ്യക്തമാക്കേണ്ടതാണ് .

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2020-21 | 28.05.2022,30.05.2022 | |

### 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2020-21 | 98000/- | പി.എം.എ.വൈ ലൈഫ് | 98000/- | 0 |

### 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

-ഇല്ല-

### 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

-ഇല്ല-

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പയിനത്തിൽ വരവില്ല.

## 4-6 സ്ഥിര നിക്ഷേപം

-ഇല്ല-

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല.

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ബ്ലോക്ക് പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2002-03 | 8 | 2004-05 | 3.11.2.1.122 | സാനിറ്ററി മാർട്ട് തുടങ്ങിയില്ല | പരാമർശം തുടരുന്നു |
| 2003-04 | 3-3 | 2005-06(പൊതു പരാമർശം) | 2.70.4.10.71 | ഭവന നിർമ്മാണം പൂർത്തിയാക്കിയില്ല | ഭവന നിർമ്മാണം പൂർത്തീകരിച്ചതിന്റെ റിപ്പോർട്ട് നിയമസഭാ സമിതിക്ക് നൽകുന്നതിന് നിർദ്ദേശിച്ചു |
| 2003-04 | 3-4 | 2005-06(പൊതു പരാമർശം) | 2.70.4.10.71 | ഭവനനിർമ്മാണം പൂർത്തിയാക്കിയില്ല | ഭവനനിർമ്മാണം പൂർത്തീകരിച്ചതിന്റെ റിപ്പോർട്ട് നിയമസഭാ സമിതിക്ക് നൽകുന്നതിന് നിർദ്ദേശിച്ചു |

| | | | | | |
|---|---|---|---|---|---|
| | | 2013-14(പ്ര.ക്ഷ.റി) | 5.3.5.4.151 | ചെറുകിട വ്യവസായം-അടിസ്ഥാന സൌകര്യങ്ങൾ അപര്യാപ്തം | പരാമർശം തുടരുന്നു |
| | | 2013-14(പ്ര.ക്ഷ.റി) | 5.3.5.4.151 | തൊഴിൽ പരിശീലന പദ്ധതികൾ | പരാമർശം തുടരുന്നു |
| 2017-18 | 3-2 | 2018-19 | | പ്രൊക്യൂർമെന്റ് കമ്മിറ്റി ചുമതല നിർവ്വഹണത്തിലെ വീഴ്ചകൾ | പരാമർശം തുടരുന്നു |

4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : 32244295/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : 39345366/- |
| വരവിനങ്ങളിലുള്ള നഷ്ടം | : ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : 612236/- |

(ബി)പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

-ഇല്ല-

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-10 | 233733/- | ശ്രീമതി.ധന്യ സി.ഡി.പി.ഒ |
| 1-13 | 203503/- | ശ്രീമതി.സുഷമ കെ.പി. കൃഷി അസിസ്റ്റന്റ് ഡയറക്ടർ(റിട്ടയേർഡ്) |
| 1-14 | 175000/- | ശ്രീമതി.സുഷമ കെ.പി. കൃഷി അസിസ്റ്റന്റ് ഡയറക്ടർ |

| | | |
|---|---|---|
| | | (റിട്ടയേർഡ്) |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

-ഇല്ല-

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

-ഇല്ല-

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി.ധന്യ സി.ഡി.പി.ഒ | സി.ഡി.പി.ഒ വെങ്ങാലി കോഴിക്കോട് | തെക്കനാം പറമ്പത്ത്,എളാട്ടേരി, കൊയിലാണ്ടി |
| ശ്രീമതി.സുഷമ കെ.പി. കൃഷി അസിസ്റ്റന്റ് ഡയറക്ടർ(റിട്ടയേർഡ്) | റിട്ടയേർഡ് | പ്രണതി ,അഴിയൂർ പി.ഒ,ചോമ്പാല |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2002-03 | കെ.എസ്.എ.കെ.കെ.ഡി.പി.7/580 /2018(2) തീയതി 26.5.2018 | 8 |
| 2003-04 | കെ.എസ്.എ.കെ.കെ.ഡി.പി.7/580 | 1(3), 1(4), 3(3), |

| | | |
|---|---|---|
| | /2018(3) തീയതി 26.5.2018 | 3(4), |
| 2006-07 | കെ.എസ്.എ.കെ.കെ.ഡി.പി.7/580 /2018(5) തീയതി 26.5.2018 | 3(2) |
| 2007-08 | കെ.എസ്.എ.കെ.കെ.ഡി.പി.7/580 /2018(7) തീയതി 26.5.2018 | 3(11) |
| 2010-11 | കെ.എസ്.എ.കെ.കെ.ഡി.പി.7/580 /2018(10) തീയതി 26.5.2018 | 3(3), 37(3) |
| 2011-12 & 2012-13 | കെ.എസ്.എ.കെ.കെ.ഡി.പി.7/580 /2018(11) തീയതി 26.5.2018 | 3-2-(4), 3-3(5), 3-6, 3-9, 3-10, 3-17. |
| 2013-14 | കെ.എസ്.എ.കെ.കെ.ഡി.പി.7/580 /2018(12) തീയതി 26.5.2018 | 3-1, 3-2, 3-7, 3-8 |
| 2014-15 & 2015-16 | കെ.എസ്.എ.കെ.കെ.ഡി.പി.7/580 /2018(13) തീയതി 26.5.2018 | 3-1, 3-4, 3-9, 3-10, 3-11, 3-14. |
| 2017-18 | കെ.എസ്.എ.കെ.കെ.ഡി.പി.7/1761 /2018തീയതി.15.10.2018 | 1-12, 2-3, 3-1(1), 3-2, 3-5, 3-6, 3-8, 3-10, 3-11, 3-12. |
| 2018-19 | കെ.എസ്.എ.കെ.കെ.ഡി.പി.12/380 /2020തീയതി.13-5-20 | 1-10(1), (2),(3),1-12,1-13, 1-14,1-15, 1-16,1-17,1-18,1-19, 1-20,1-21,1-23,1-24, 4-10 |
| 2019-20 | കെ.എസ്.എ.കെ.കെ.ഡി.പി.8/532 /2022തീയതി.26.03.2022 | 1-1,1-2,1-7,1-8,1-9 മുതൽ 1-19 വരെ |

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം,കോഴിക്കോട്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോഴിക്കോട് ജില്ലയിലെ വടകര ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ<br>
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്<br>
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോഴിക്കോട് ജില്ലയിലെ വടകര ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്